കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- ഇ ടിക്കറ്റിംഗ് നടപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പ്

**സ.ഉ.(സാധാ)നം.101/2020/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 04/01/2020**

പരാമർശം:- 1 04/03/2016 തീയതിയിലെ സ.ഉ.(അച്ചടി) നം 14/ 2016/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

2 06/02/2017 തീയതിയിലെ സ.ഉ. (സാധാ) നം 336/ 2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

3 ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20/11/2019 തീയതിയിലെ 3734/ SWD/ 2019/IKM നമ്പർ കത്ത്

**ഉത്തരവ്**

1) 1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് ആക്ട് വകുപ്പ് 5 (1)ന് വിധേയമായി കേരളത്തിൽ എവിടെയുമുള്ള സിനിമാ പ്രവേശനത്തിനുള്ള ടിക്കറ്റുകൾ ഇലക്ട്രോണിക് രൂപത്തിൽ എടുക്കുന്നതായിരിക്കണമെന്നും അത്തരത്തിലുള്ള ടിക്കറ്റുകളിൽ ശരിയായ നികുതി പ്രദർശിപ്പിക്കണമെന്നും സർക്കാർ അംഗീകരിക്കുന്ന സോഫ്റ്റ് വെയർ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ഉപകരണത്തിലൂടെ എടുക്കുന്നതായിരിക്കണമെന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥന് ടി സ്ഥാപനത്തിന് ലഭിക്കേണ്ടതായ നികുതി സംബന്ധിച്ച ഏതുവിവരവും പരിശോധിക്കുന്നതിനോ പ്രാപ്യമാകുന്നതിനോ ഉള്ള സൗകര്യത്തോട് കൂടിയുള്ളതായിരിക്കണമെന്നും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. കേരള സ്റ്റേറ്റ് ഫിലിം ഡവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള തീയറ്ററുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള സ്വതന്ത്ര സോഫ്റ്റ് വെയർ വികസിപ്പിക്കാൻ ഇൻഫർമേഷൻ കേരള മിഷന് അനുമതി നൽകിക്കൊണ്ട് പരാമർശം (2)

പ്രകാരം ഉത്തരവായിരുന്നു.

2) ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 11/07/2019 തീയതിയിൽ ചേർന്ന യോഗത്തിൽ കേരളത്തിലെ മുഴുവൻ തീയറ്ററുകളിലും ഇ ടിക്കറ്റിംഗ് നടപ്പാക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷന്റെ സോഫ്റ്റ് വെയർ ഉപയോഗിക്കുവാനും ഹെൽപ് ഡെസ്ക് / കാൾ സെന്റർ സേവനങ്ങൾക്കായി ഐ.ടി മിഷന്റെ കീഴിലുള്ള സ്റ്റേറ്റ് കാൾ സെന്ററിന്റെ സേവനം ഉപയോഗിക്കുന്നതിനും തീയറ്ററുകളിലെ ഒരു സീറ്റിന് ഒരു രൂപ നിരക്കിൽ കൗണ്ടർ മോഡ്യൂളുകളിൽ നിന്നും ഒരു രൂപ അമ്പത് പൈസ നിരക്കിൽ ഓൺലൈൻ ടിക്കറ്റുകളിൽ നിന്നും, ഇ-ടിക്കറ്റിംഗ് ആപ്ലിക്കേഷൻ മെയിന്റനൻസ് ആന്റ് സപ്പോർട്ട് ചാർജ്ജായി ഇൻഫർമേഷൻ കേരള മിഷന് നൽകുന്നതിനും തീരുമാനമായിരുന്നു.

3) കേരളത്തിലെ മുഴുവൻ തീയേറ്ററുകളിലും ഇ ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനും വിന്യസിക്കുന്നതിനുമുള്ള വ്യവസ്ഥകൾ അംഗീകരിക്കണമെന്നും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവനുസരിച്ച് കേരളത്തിലെ എല്ലാ തീയറ്ററുകളിലും ഇ - ടിക്കറ്റിംഗ് നടപ്പാക്കുന്നതിനായി, താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കേരളത്തിലെ എല്ലാ സിനിമാ തിയേറ്ററുകളും പ്രേക്ഷകർക്ക് സിനിമ ടിക്കറ്റ് വിൽക്കേണ്ടത് ഐ.കെ.എം. വികസിപ്പിച്ച ഇ-ടിക്കറ്റിംഗ് സോഫ്റ്റ് വെയർ ഉപയോഗിച്ചു കൊണ്ടായിരിക്കണം.
2. മറ്റ് ഓൺലൈൻ റിസർവേഷൻ സോഫ്റ്റ് വെയറുകളും മൊബൈൽ ആപ്ലിക്കേഷനുകളും ഉപയോഗിക്കുന്ന ഏജൻസികൾ/ തിയേറ്ററുകൾ സർക്കാരിന്റെ പ്രസ്തുത സോഫ്റ്റ് വെയർ ഉപയോഗിച്ചുകൊണ്ട് മാത്രമേ ടിക്കറ്റ് വിൽപ്പന നടത്താൻ പാടുള്ളൂ. സ്വകാര്യ റിസർവേഷൻ ഏജൻസികളും തിയേറ്ററുകളും സർക്കാർ സോഫ്റ്റ് വെയറുമായി സംയോജിപ്പിച്ചുകൊണ്ട് ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ നടത്താവുന്നതാണ്. (സർക്കാരിന്റെ സോഫ്റ്റ് വെയറിനെ അടിസ്ഥാന സോഫ്റ്റ് വെയറായി നിലനിർത്തി മറ്റ് സോഫ്റ്റ് വെയറുകളിലേക്ക് api മുഖേന ടിക്കറ്റുകൾ നൽകുന്നതായിരിക്കും)
3. സർക്കാരിന്റെ ഇ-ടിക്കറ്റിംഗ് സോഫ്റ്റ് വെയറിലൂടെ വിൽപ്പന നടത്തുന്ന ടിക്കറ്റുകളുടെ ഡെയിലി കളക്ഷൻ റിപ്പോർട്ട് (ഡി സി ആർ) ഉൾപ്പെടെയുള്ള വിവരങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഓൺലൈനായി കൈമാറേണ്ടതാണ്.

4. തീയറ്ററുകളിലെ കൗണ്ടർ മൊഡ്യൂളുകളിൽ നിന്നും ഒരു സീറ്റിന് ഒരു രൂപ നിരക്കിലും ഓൺലൈൻ ടിക്കറ്റുകളിൽ നിന്നും ഒരു രൂപ അമ്പത് പൈസ നിരക്കിലും ടിക്കറ്റ് വില്പനയുടെ മേൽ ഇ- ടിക്കറ്റിംഗ് ആപ്ലിക്കേഷൻ മെയിന്റനൻസ് ആന്റ് സപ്പോർട്ട് ചാർജ്ജായി ഇൻഫർമേഷൻ കേരള മിഷന് നൽകേണ്ടതാണ്.

5. എല്ലാ സിനിമാ തിയേറ്ററുകളിലും ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിലേക്ക് ആവശ്യമായി വരുന്ന ഹാർഡ് വെയറുകൾ അതാത് തീയറ്ററുകൾ തന്നെ സ്ഥാപിക്കണം. സോഫ്റ്റ് വെയർ സൗജന്യമായി ഐ.കെ.എം. എല്ലാ തീയേറ്ററുകളിൽ ഇൻസ്റ്റാൾ ചെയ്യും.

6. ഇ-ടിക്കറ്റിംഗ് സംവിധാനത്തിനായി സർക്കാരിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് / കാൾ സെന്റർ സേവനങ്ങൾക്കായി ഐ.ടി മിഷന്റെ കീഴിലുള്ള സ്റ്റേറ്റ് കാൾ സെന്ററിന്റെ സേവനം ഉപയോഗിക്കാവുന്നതാണ്. കോൾ സെന്റർ മാനേജ് ചെയ്യാൻ ആവശ്യമായ ജീവനക്കാരെ ഐ.കെ.എം. നിയമിക്കേണ്ടതാണ്. പൊതുജനങ്ങളുടെയും തീയേറ്ററുകളുടെയും സംശയ നിവാരണത്തിനായി കോൾ സെന്ററുകൾ സജ്ജമാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സബിത.എസ്.ഡി
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും
(ബന്ധപ്പെട്ട ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.
ഡയറക്ടർ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (ആർ സി)വകുപ്പ്.
തദ്ദേശ സ്വയം ഭരണ (ഐ.ബി)വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ